**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യാജലോട്ടറികൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജലോട്ടറികൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (എ) | വ്യാജ ലോട്ടറി സംബന്ധിച്ച് പരാതികൾ, വാർത്തകൾ എന്നിവ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഈ വിവരം അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട പോലീസ് അധികാരികൾക്ക് കൈമാറാറുണ്ട്. ലോട്ടറി മേഖലയിലെ അനഭിലഷണീയ പ്രവണതകൾ, എഴുത്ത് ലോട്ടറി നടത്തിപ്പ് എന്നിവയെക്കുറിച്ചുള്ള പരാതികൾ റിപ്പോർട്ട് ചെയ്യാൻ 1800 425 8474 എന്ന ടോൾ ഫ്രീ നമ്പർ നല്കുകയും പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ നേരിട്ടയക്കാൻ https://statelottery.kerala.gov.in/index.php/grievance എന്ന വെബ് സൈറ്റിലെ സൗകര്യം പ്രയോജനപ്പെടുത്താനുള്ള നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലോട്ടറികളുടെ വ്യാജ കളർ പ്രിന്റുകൾ നൽകി ചെറുകിട വില്പനക്കാരെ കബളിപ്പിക്കുന്നത് വ്യാപകമാകുന്ന ഇക്കാലത്ത് ലോട്ടറികളുടെ ആധികാരികത പരിശോധിക്കാൻ ചെറുകിട വിൽപ്പനക്കാർക്ക് സാധിക്കുന്ന വിധത്തിൽ ഒരു ഉപകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി ഭാഗ്യക്കുറി വില്പനക്കാർക്കും തൊഴിലാളികൾക്കും കേരള ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡുവഴി പ്രത്യേക ഫിലിം, മാഗ്നിഫൈയിംഗ് ലെൻസ് എന്നിവ നല്കിയിട്ടുണ്ട്. സമ്മാനാർഹമായ ടിക്കറ്റുകളുടെ കളർപ്രിന്റ് എടുത്ത് ഏജന്റുമാരെ കബളിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി ടിക്കറ്റിന്റെ അച്ചടിയിൽ ഫ്ലൂറസന്റ് മഷി ഉപയോഗിക്കാൻ ആരംഭിച്ചിട്ടുണ്ട്. 2022 ലെ തിരുവോണം ബമ്പർ ഭാഗ്യക്കുറി (BR-87), ഇപ്പോൾ വിപണിയിലുള്ള ക്രിസ്തുമസ് - ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറി (BR-89) എന്നിവയുടെ അച്ചടിയിൽ ഫ്ലൂറസന്റ് മഷി ഉപയോഗിച്ചിട്ടുണ്ട്. |
| (സി) | ക്യൂ ആർ കോഡ് വായിക്കുന്ന തരത്തിൽ ഒരു ഉപകരണം ലഭ്യമാക്കിയാൽ വ്യാജ ലോട്ടറിയിലൂടെ ലോട്ടറി വകുപ്പിന് ഉണ്ടാകുന്ന നാണക്കേടും സാമ്പത്തികനഷ്ടവും ഒഴിവാക്കാമെന്നത് | (സി) | ഭാഗ്യക്കുറി ടിക്കറ്റുകളുടെ ആധികാരികത പരിശോധിക്കുന്നതിനായി നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ ഭാഗ്യകേരളം എന്ന മൊബൈൽ ആപ്ലിക്കേഷൻ |

| | | | |
|---|---|---|---|
| | കണക്കിലെടുത്ത് ഇക്കാര്യം ഗൗരവമായി പരിഗണിക്കാമോ? | | പൊതുജനങ്ങൾക്കായി ഭാഗ്യക്കുറി വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷന്റെ സഹായത്താൽ ഭാഗ്യക്കുറി ടിക്കറ്റിൽ അച്ചടിച്ചിരിക്കുന്ന QR കോഡ് റീഡ് ചെയ്യുമ്പോൾ വ്യാജ നമ്പറുകൾ, നമ്പറുകൾ തിരുത്തൽ വരുത്തിയത് എന്നിവ തിരിച്ചറിയാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ